# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **1300.** 30..9..2011-ൽ മറുപടിക്ക്

## പാൽവില വർദ്ധനവും കാലിത്തീറ്റ സബ്സിഡിയും

ചോദ്യം

**ശ്രീ. പി. തിലോത്തമൻ.**

ഉത്തരം

**ശ്രീ. കെ.സി. ജോസഫ്,**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)**

(എ) പാൽവില വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മിൽമ കോടതിയെ സമീപിച്ച സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ; ലിറ്ററിന് 5/- രൂപാ വില വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ക്ഷീര കർഷകന് ഈ തുകയിൽ നിന്നും എത്രരൂപ അധികമായി നൽകുന്നു എന്ന് വ്യക്തമാക്കാമോ;

(എ) ഉൽപാദന ചെലവിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി, 25..6..2010 മുതൽ പാൽവില ലിറ്ററിന് 3 രൂപ വർദ്ധിപ്പിക്കുകയുണ്ടായി. പിന്നീട് പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിക്കാനുള്ള മിൽമ ഡയറക്ടർ ബോർഡിന്റെ തീരുമാനം സർക്കാരും ക്ഷീര സംഘം രജിസ്ട്രാർ കൂടിയായ ക്ഷീര വികസന വകുപ്പ് ഡയറക്ടറും അംഗീകരിക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിലാണ് മിൽമ കോടതിയെ സമീപിച്ചത്. പാൽവില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും ലിറ്ററിന് 4 രൂപ 20 പൈസ കർഷകർക്ക് നൽകിവരുന്നു.

(ബി) മിൽമ നൽകിയിരുന്ന കാലിത്തീറ്റ സബ്സിഡി നിർത്തലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്ഷീര കർഷകർക്ക് ലഭിച്ചിരുന്ന പ്രസ്തുത ആനുകൂല്യം പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി) ഉണ്ട്. പാൽവില വർദ്ധിപ്പിച്ചപ്പോൾ മേഖലാ യൂണിയനുകൾ പ്രത്യേകമായി നൽകി വന്നിരുന്ന കാലിത്തീറ്റ സബ്സിഡി നിർത്തലാക്കി. എന്നാൽ പാലുല്പാദനത്തിനു വേണ്ടി മേഖലാ യൂണിയനുകൾ നൽകിക്കൊണ്ടിരിക്കുന്ന മറ്റെല്ലാ പദ്ധതികളും ഇപ്പോഴും തുടരുന്നുണ്ട്. ഇതിന് പുറമെ സർക്കാർ നൽകിവരുന്ന കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.